# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5824 — 28/03/2018-ൽ മറുപടിക്ക്

## പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ്.പി.** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിൽ പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>5 വയസ്സിനു താഴെയുള്ള കുട്ടികൾ<br>ഭാരക്കുറവുള്ളവർ 17%<br>അനീമിയ – കൗമാരക്കാരായ പെൺകുട്ടികൾ - 31.73%<br>അനീമിയ – (15-49 വയസ്സ്) - സ്ത്രീകൾ - 37%<br>ഗ്രാമപ്രദേശത്തിൽ താമസിക്കുന്ന സ്ത്രീകൾ<br>ഭാരക്കുറവുള്ളവർ (ബോഡി മാസ് ഇൻഡക്സ് < 18.5) – 5.8%<br>അമിതഭാരമുള്ളവർ (ബോഡി മാസ് ഇൻഡക്സ് >23) -47%<br>സ്കൂൾ കുട്ടികളിലെ പോഷണനിലവാര നിർണ്ണയം (വയസ്സ് 10-13)<br>ഭാരക്കുറവുള്ളവർ - 44.57%<br>അമിതഭാരമുള്ളവർ (പൊണ്ണത്തടി) - 9.63% |
| ബി) | പോഷകാഹാര കുറവ് മൂലമുള്ള രോഗങ്ങൾ ഉണ്ടാകാനുള്ള കാരണമെന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; | ബി) | ദിവസേന കഴിക്കുന്ന ഭക്ഷത്തിൽ ഒന്നോ അധിലധികമോ പ്രധാന പോഷകഘടകങ്ങളുടെ അഭാവം പോഷകാഹാരക്കുറവിലേയ്ക്ക് നയിക്കുന്നു. സൂക്ഷ്മ പോഷകഘടകങ്ങളും മറ്റ് പോഷക ഘടകങ്ങളും ശരിയായ രീതിയിൽ അടങ്ങിയിട്ടില്ലാത്ത ഭക്ഷണം കഴിക്കുന്നതും വളർച്ചയുടെ ഓരോ ഘട്ടത്തിലും ശരീരത്തിന് ആവശ്യമുള്ള പോഷക ഘടകങ്ങൾ ശരിയായ അളവിൽ ലഭിക്കാത്തതും, പോഷകാഹാരക്കുറവിന് കാരണമാകുന്നു.<br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പഠനങ്ങൾ സൂചിപ്പിക്കുന്നത് കുട്ടികളിലും കൗമാര പ്രായക്കാരിലും പ്രായപൂർത്തിയായവരിലും പച്ചക്കറി, ഇലക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉപഭോഗം ഒരു ദിവസം വേണ്ട അളവിലും കുറവാണെന്നാണ്.<br>1. 2013-14, 2014-15, 2015-16 വർഷങ്ങളിൽ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 10-13 വയസ്സ് |

പ്രായത്തിലുള്ള സ്കൂൾ കുട്ടികളുടെ ന്യൂന പോഷണാവസ്ഥ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി

2. സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുള്ള കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും സ്കൂളുകളിൽ വച്ച് ന്യൂന പോഷണാവസ്ഥ പരിഹരിക്കുന്നതിനായി പോഷകാഹാരത്തിന്റെ അവശ്യകതയേയും പ്രാധാന്യത്തേയും സംബന്ധിച്ച് അവബോധം നൽകി പോഷകാഹാര ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്.
3. എച്ച്.എസ് വിഭാഗത്തിൽ നിന്ന് ബയോളജി വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കും യു.പി വിഭാഗത്തിൽ നിന്ന് സയൻസ് വിഷയം കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കും പ്രായോഗിക പോഷണത്തിൽ അവബോധം നൽകുന്നതിനുള്ള പരിശീലനം നൽകി.
4. പോഷകാഹാരത്തിന്റെ പ്രാധാന്യം, പോഷണ വൈകല്യം ഉണ്ടാക്കുന്ന കാരണങ്ങൾ, അതിനുള്ള പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 10 മിനിട്ട് ദൈർഘ്യമുള്ള ഒരു ആനിമേഷൻ സി.ഡി. തയ്യാറാക്കി. ഇത് അദ്ധ്യാപക പരിശീലനം നടന്ന എല്ലാ ജില്ലകളിലെ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. കുട്ടികളിലും രക്ഷിതാക്കളിലും പോഷകാഹാരത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനായിട്ടാണ് സി.ഡി നൽകിയിട്ടുള്ളത്. കൂടാതെ പോഷകാഹാരം എന്ന വിഷയവുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും വസ്തുതകളും കേരള എസ്.സി.ഇ.ആർ.ടിയുടെ സമിതിക്ക് ആരോഗ്യ വകുപ്പ് കൈമാറിയിട്ടുണ്ട്.
5. പോഷണ വൈകല്യത്തെ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ തയ്യാറാക്കാനായി കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, പാറത്തോട്, പാമ്പാടി, പള്ളിക്കത്തോട്, ഏറ്റുമാനൂർ, അതിരമ്പുഴ പഞ്ചായത്തുകളിലും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ

| | | | |
|---|---|---|---|
| | | | ജെ.പി.എച്ച്.എൻമാർ, ആശാ പ്രവർത്തകർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ ആരോഗ്യദായക വോളന്റിയർമാർ എന്നിവർക്കായി പ്രായോഗിക പോഷണത്തിൽ പരിശീലനം നൽകി പൈലറ്റടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നടത്തിയ ഈ പ്രവർത്തനം കൂടുതൽ വികേന്ദ്രീകൃതമായി പോഷണവൈകല്യ പരിഹാരത്തിന് സഹായകമാകും. തുടർവർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാൻ വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇവർക്കാവശ്യമായ സാങ്കേതിക സഹായം നൽകാൻ സ്ഥാപനം സന്നദ്ധമാണ്.<br>6. 30 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ഇടയിലെ ഹൃദ്രോഗ സാദ്ധ്യതാ പഠനം മലപ്പുറം, പാലക്കാട് ജില്ലകളിലെ തിരൂർ, പാലക്കാട് നഗരസഭകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്.<br>7. സ്കൂൾ കുട്ടികൾ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് സഹായകരമായ നിലയിൽ വിവര വിജ്ഞാനദായക സഹായികൾ തയ്യാറാക്കി നൽകി. |
| സി) | പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | ആരോഗ്യം, കൃഷി. സാമൂഹ്യനീതി, വെറ്റിനറി, സിവിൽ സപ്ലൈസ്, ഫുഡ് സേഫ്റ്റി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ